തന്നെ ടിയാൾക്ക് സി.ഡി.പി.ഒ. തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളതാണ്. ഉദ്യോഗക്കയറ്റ തസ്തികയായ സി.ഡി.പി.ഒ. തസ്തികയിലേക്ക് ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് മുമ്പ് തന്നെ ഉദ്യോഗക്കയറ്റം ലഭിച്ചതിനാലാണ് ടിയാൾക്ക് മൂന്നാമത്തെ ഗ്രേഡ് അനുവദിക്കാത്തത്. മൂന്നാമത്തെ ഉദ്യോഗക്കയറ്റം ലഭിച്ച ടിയാൾക്ക് ഇത് പ്രകാരമുള്ള ശമ്പള ഫിക്സേഷൻ (സർവ്വീസിൽ മൂന്നാമത്തെ) അക്കൗണ്ടന്റ് ജനറൽ ആണ് അനുവദിക്കേണ്ടത്.

നിർഭയ പദ്ധതി

265 (1643) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിന് പ്രതിരോധം, സംരക്ഷണം, പ്രോസിക്യൂഷൻ, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) പദ്ധതി നടത്തിപ്പിനായി സംസ്ഥാനതല നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വ്യത്യസ്ത മേഖലകൾ തമ്മിൽ ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി സംസ്ഥാനതല ഏകോപന സമിതിയും നിർഭയ പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. അതിക്രമത്തിനിരയാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ എല്ലാ സഹായങ്ങളും ഒരു കുടക്കീഴിൽ നൽകുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. 1800-425-1400 എന്ന നിർഭയ ടോൾ ഫ്രീ ഹെൽപ് ലൈൻ സംവിധാനവും നിലവിലുണ്ട്.

തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

266 (1644) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പഞ്ചായത്ത് വകുപ്പ് മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതികൾക്കും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

അനധികൃത കശാപ്പുശാലകൾ

267 (1645) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ അനധികൃത കശാപ്പുശാലകൾ നിർത്തലാക്കുന്നതിനും അംഗീകൃത കശാപ്പുശാലകളുടെ പ്രവർത്തന നിലവാരം ഉറപ്പുവരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ;

(സി) ആധുനിക രീതിയിലുള്ള കശാപ്പുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ ആധുനിക കശാപ്പു ശാലകൾ. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly